പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1313

20.1.2014- ൽ
മറുപടിക്ക്

ചകിരിക്ഷാമം

| ചോദ്യം<br><br>ശ്രീ.കെ.ദാസൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ മേഖലയുടെ വികസനത്തിന് തിരിച്ചടിയാകുന്ന തരത്തിൽ ചകിരിക്ഷാമം അതിരൂക്ഷമായിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ): ചകിരിക്ഷാമം രൂക്ഷമായത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ ചകിരിയാണ് ആവശ്യമായിവരുന്നത്; അതിൽ എത്ര ടൺ സംസ്ഥാനത്ത് ഉത്പാദിപ്പിക്ക-ന്നുണ്ടെന്നും, എവിടുന്നെല്ലാം എത്ര ടൺ ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 2.25 ലക്ഷം ടൺ ചകിരിയാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം 30,000 ടൺ ച കിരി ഉൽപാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ചകിരി ഇറക്കുമതി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അയൽ സംസ്ഥാനങ്ങളിൽനിന്ന് ചകിരി ഇവിടേക്ക് എത്തുന്നുണ്ട്. |
| സി) ഉത്പാദിപ്പിക്കുന്ന തൊണ്ടിന്റെ എത്ര ശതമാനം ചകിരിയാക്കി മാറ്റുന്നതിന് ഇപ്പോൾ കഴിയുന്നുണ്ട്; | സി) കേരളത്തിൽ ഉത്പാദിപ്പിക്കുന്ന തൊണ്ടിന്റെ ഏകദേശം 15 മുതൽ 20 ശതമാനം വരെ ചകിരിയാക്കി മാറ്റുന്നുണ്ട്. |
| ഡി) തൊണ്ട് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ